MAY 2024 **U/ID 30731/ULD4A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തര മെഴുതുക.

1. മരണം കൂടാതെ രാജത്വമുണ്ടാവുകയില്ല - ആരുടെ വാക്കുകൾ? എപ്പോൾ?

2. അവൻ യോനാഥന്റെ പാരമ്പര്യക്കാരനാണ്. സ്വപ്നം കാണുന്നത് ശിംശോനെയും - ആരാണ് അവൻ?

3. വേദനയോടെയാണെങ്കിലും ആ അദ്ധ്യായമ വസാനിച്ചു. ഇനി ലോകം നമുക്കു സ്വതന്ത്രമാണ് - ആരുടെ അഭിപ്രായമാണിത്?

4. തിരുമേനി മതിമറന്നു പോകുന്നു. ഞാൻ ബന്ധന സ്ഥയാണ് - ബത്ത്ശേബ ഇങ്ങനെ പറയുന്നതിനു കാരണമെന്ത്?

5. എന്റെ ജീവിതം ഒരു ഭാഗ്യക്കുറിയായിരുന്നു - സന്ദർഭമെഴുതി വിശദമാക്കുക.

6. ഈ വൃദ്ധന്റെ കഴിവു മുഴുവനും അങ്ങേയ്ക്കുവേണ്ടി ഉഴിഞ്ഞുവച്ചിരിക്കുന്നു - ആർക്കുവേണ്ടി?

7. പ്രഭാകരപിള്ളയുമായി രാമൻ സംഘർഷമുണ്ടാക്കാൻ കാരണമെന്ത്?

8. ഒരു പെങ്കൊച്ചിന്റെ ജന്മം തൊലച്ചാ മൂന്നു മാസമേ ഒള്ളോ ശിക്ഷ - ആരുടെ വാക്കുകൾ?

9. മീനാക്ഷി എന്ന കഥാപാത്രത്തിനുള്ള പ്രസക്തി യെന്ത്?

10. പരമുനായർ എന്ന കഥാപാത്രം പ്രസക്തമായ വേഷമാകുന്നതെങ്ങനെ?

11. എത്രകാലം മനുഷ്യർ കശാപ്പുകൊണ്ട് ആത്മശാന്തി നേടും - ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പറയുന്നത്?

12. ദേവയാനി എന്ന കഥാപാത്രത്തിന് സിനിമയിലുള്ള സ്ഥാനം അടയാളപ്പെടുത്തുക.

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തിന്റെ പ്രമേയം ചുരുക്കിയെഴുതുക.

14. എന്റെ ഗാനം നിന്നുപോയി. എന്റെ ജീവിതം ഉണങ്ങിപ്പോയി. ഞാനിന്നൊരു മരുഭൂമിയാണ് - സന്ദർഭമേത്? വിശദമാക്കുക.

15. ബത്ത്ശേബ, ഞാനൊരു ഏകാന്തനാണ്. ഒരു ജനക്കൂട്ടത്തിന്റെ മധ്യത്തിലെ ഏകാകി - ദാവീദിന്റെ ഈ വിലാപത്തിന് കാരണമെന്ത്?

16. ഊറിയായുടെ മരണവൃത്താന്തമറിയുന്ന ബത്ത്ശേബയുടെ പ്രതികരണത്തെക്കുറിച്ച് വിശദമാക്കുക.

17. വിശ്വംഭരനും ദേവയാനിയും തമ്മിലുള്ള ബന്ധം അസാധാരണമായ ഒന്നാണെന്ന് അഭിപ്രായമുണ്ടോ? വിലയിരുത്തുക.

18. നാടകവും സിനിമയും തമ്മിലുള്ള സാജാത്യ വൈജാത്യങ്ങൾ വിവരിക്കുക.

19. മാനുഷികതയാണ് പെരുവഴിയമ്പലം എന്ന സിനിമയുടെ അടിസ്ഥാനവിഷയം - കണ്ടെത്തുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. ബൈബിളിലെ കഥയെ പ്രമേയമായി സ്വീകരിക്കുമ്പോഴും സമകാലിക മനുഷ്യജീവിതത്തിലെ സംഘർഷങ്ങളിലേക്ക് നാടകത്തെ വ്യാഖ്യാനിക്കാനാവും - വിലയിരുത്തുക.

21. ദുരന്താനുഭവങ്ങൾ പാപഫലമാണെങ്കിലും ദാവീദ് രാജാവിനെ മഹാനാക്കിത്തീർക്കുന്നു - വിമർശനാത്മകമായി ഉപന്യസിക്കുക.

22. തിരക്കഥ സിനിമയ്ക്കുവേണ്ട രൂപരേഖ നൽകുന്നുണ്ടോ? വിമർശനാത്മകമായി വിലയിരുത്തുക.

23. മികച്ച മലയാള ചലച്ചിത്രത്തിനുള്ള ദേശീയപുരസ്കാരത്തിന് പെരുവഴിയമ്പലത്തെ അർഹമാക്കിയ സവിശേഷതകളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

24. തിരക്കഥാരചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം? പെരുവഴിയമ്പലത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

———————